പി.എം.3-12961/22

# വിജ്ഞാപനം

പട്ടികവർഗ നൈപുണ്യ വികസനത്തിന്റെ ഭാഗമായി പട്ടികവർഗ വിഭാഗത്തിലെ നിയമബിരുദധാരികളായ യുവതീ-യുവാക്കൾക്ക് ഇന്റൺഷിപ്പ് വ്യവസ്ഥയിൽ സീനിയർ അഡ്വക്കേറ്റ്സിനു കീഴിൽ പ്രാക്ടീസ് നൽകുന്ന പരിശീലനപദ്ധതിക്ക് സർക്കാർ ഉത്തരവ് നം. (സാധാ) നം. 57/2023/പജപവവിവ തീയതി 12/01/23 പ്രകാരം സർക്കാർ അനുമതി യായിട്ടുണ്ട്. പ്രതിമാസം 18000/- രൂപയായിരിക്കും ഹോണറേറിയം. മൂന്ന് വർഷമായി രിക്കും ഇന്റൺഷിപ്പ് കാലാവധി. തെരഞ്ഞെടുക്കുന്നവർക്ക് വകുപ്പിന് കീഴിലെ എറണാ കുളം ജില്ലയിലെ മൾട്ടിപർപ്പസ് ഹോസ്റ്റലിലാണ് താമസസൗകര്യം ഒരുക്കിയിട്ടുള്ളത്. അപേക്ഷകരിൽ നിന്നും സ്ക്രീനിങ് ടെസ്റ്റുകൾ നടത്തിയായിരിക്കും പരിശീലനാർത്ഥി കളെ തെരഞ്ഞെടുക്കുന്നത്.

നിശ്ചിത യോഗ്യതയുള്ളതും (Degree in LLB, LLM) താൽപ്പര്യമുള്ളവരുമായ പട്ടികവർഗ നിയമബിരുദാരികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

പ്രായപരിധി :40 വയസ്സ്. അപേക്ഷകർ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് സഹിതം 18/3/23 5.പി.എം-ന് മുൻപ് അപേക്ഷ ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക്

ഡയറക്ടർ ,

പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ്ഭവൻ,
നാലാം നില,പിൻകോഡ്-695033, 0471-2303229
WWW.STDD.KERALA.GOV.IN
ഫോൺ-ടോൾ ഫ്രീ:1800 425 2312
മൊബൈൽ : 6282539374

ഒപ്പ്/-.
വാണിദാസ്.പി
ജോയിന്റ് ഡയറക്ടർ (എസ്.പി.സി)
ഡയറക്ടർക്കു വേണ്ടി

ആജ്ഞാനുസരണം

ബീന.എം.

അസിസ്റ്റന്റ് ഡയറക്ടർ(എസ്.പി.സി)

എം.ബി 24.2.22